(എ) സംസ്ഥാനത്ത് ശുദ്ധജലത്തിലും ഹാച്ചറികളിലും വളരുന്ന പല മത്സ്യങ്ങളും വംശനാശഭീഷണി നേരിടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലത്തിലും ഹാച്ചറികളിലും വളരുന്ന മത്സ്യങ്ങളുടെ വംശ വർദ്ധനവിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) നദികളിലും കായലുകളിലും മത്സ്യകുഞ്ഞുങ്ങളെവിട്ട് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ഡി) എങ്കിൽ ഈ പരിപാടിയനുസരിച്ച് എവിടെയെല്ലാം എന്തെല്ലാം ഇനത്തിൽപ്പെട്ട മത്സ്യങ്ങളെയാണ് വിടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ശുദ്ധജലത്തിലും ഹാച്ചറികളിലും വളരുന്ന മത്സ്യങ്ങളുടെ വംശവർദ്ധനവിന് താഴെ പറയുന്ന നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിച്ചു വരുന്നു.

1. ക്ഷയിച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുന്നതിന് നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ പ്രധാനപ്പെട്ട ജലാശയങ്ങളിൽ നിക്ഷേപിച്ച് വളരുവാൻ അനുവദിക്കുന്ന സാമൂഹ്യമത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു.

2. വ്യാവസായിക പ്രാധാന്യമുള്ള ചെമ്മീൻക്കുഞ്ഞുങ്ങളെ അഴിമുഖങ്ങളിൽ നിക്ഷേപിച്ചു വളരുവാൻ അനുവദിക്കുന്ന 'സീ റാഞ്ചിംഗ്' പദ്ധതി നടപ്പിലാക്കി വരുന്നു.

3. മത്സ്യവിഭവം രക്ഷിക്കുന്നതിനും അഴിമുഖങ്ങളിലെ അനധികൃത മത്സ്യബന്ധനം തടയുന്നതിനും കായൽ പ്രദേശങ്ങളിൽ റോന്ത് ചുറ്റൽ പദ്ധതി നടപ്പിലാക്കി വരുന്നു.

4. ബ്രാൽ, കരിമീൻ, ആറ്റുകൊഞ്ച് എന്നിവയുടെ വിത്ത് ഉല്പാദനം വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു പഠനപദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. കേരള കാർഷിക സർവ്വകലാശാല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വേമ്പനാട്ടുകായലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) വ്യക്തമാക്കാം, സാമൂഹ്യ മത്സ്യക്കൃഷി പരിപാടിയനുസരിച്ച് 14 ജില്ലകളിലും നദികൾ, കായലുകൾ, ജലസംഭരണികൾ മുതലായവയിൽ ലേബിയോ, ഗ്രാസ് കാർപ്പ്, തൈപ്രനസ്, കട്ല, റോഹു, മൃഗാൾ എന്നീയിനം മത്സ്യക്കുഞ്ഞുങ്ങളും, കാരാ, നാരൽ എന്നീയിനം ചെമ്മീനും ആറ്റുകൊഞ്ച്, കരിമീൻ തുടങ്ങിയ നാടൻ മത്സ്യങ്ങളുമാണ് വിടുന്നത്.

10 (1110) ചെമ്മീൻ വളർത്തൽ പദ്ധതി

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചെമ്മീൻ വളർത്തൽ പദ്ധതി ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇതിനായി എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി ആരംഭിച്ചുകഴിഞ്ഞോ; എങ്കിൽ എന്നുമുതൽ;

(ഡി) പദ്ധതി തുടങ്ങാൻ വൈകിയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ ഉൽപ്പാദന വർദ്ധനവിനുള്ള ഒരു സമഗ്ര പദ്ധതിക്ക് 23.10.98ൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) 349.16 ലക്ഷം രൂപ

(സി) & (ഡി) ഭരണാനുമതി നല്കിയ ഉടൻതന്നെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

11 (1111) മത്സ്യ ഉല്പാദനം

ശ്രീ. ജി. സുധാകരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പിന്നിട്ട മൂന്ന് വർഷങ്ങളിൽ കേരളത്തിലെ മത്സ്യ ഉല്പാദനത്തെപ്പറ്റിയുള്ള ആധികാരിക വിവരങ്ങൾ നല്കുമോ;

(ബി) ഉൾനാടൻ മത്സ്യ ഉല്പാദനം കടൽ മത്സ്യ ഉല്പാദനം എന്നിങ്ങനെ വേർതിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇതേ കാലത്ത് കേരളത്തിൽ നിന്നുള്ള മത്സ്യ കയറ്റുമതിയെ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ കാലത്ത് മത്സ്യം കയറ്റുമതി വഴി കേരള-കേന്ദ്ര സർക്കാരുകൾക്ക് ലഭിച്ച വരുമാനങ്ങളെപ്പറ്റി വെളിപ്പെടുത്തുമോ;

(ഇ) ഇക്കാലത്ത് മത്സ്യബന്ധന മേഖലയിൽ ഒരു വർഷം ശരാശരി എത്രപേർ പണിയെടുത്തിരുന്നു എന്നകാര്യം വ്യക്തമാക്കുമോ;

(എഫ്) ഇക്കാലത്ത് ട്രോളിംഗ് നിരോധിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ജി) ഈ നടപടികളുടെ ഫലമായി മത്സ്യബന്ധനമേഖലയിൽ അനുഭവപ്പെടുന്ന ഗുണകരമായ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു;

(എച്ച്) ട്രോളിംഗ് നിലനിർത്തണമെന്ന് കേരളത്തിൽ ആവശ്യപ്പെടുന്നവരുണ്ടോ; ഉണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly